കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-കോട്ടക്കൽ നഗരസഭ- കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ - ജി.എഫ്.ആർ.ജി സാങ്കേതിക വിദ്യ ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിനായി എഫ് ആർ ബി എൽ എന്ന സ്ഥാപനത്തിനെ ചുമതലപ്പെടുത്തുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.1996 /19/തസ്വഭവ — തിരുവനന്തപുരം, തീയതി :17 .09.2019

പരാമർശം- 1. കോട്ടയ്ക്കൽ നഗരസഭ ചെയർമാന്റെ 03/04/2018 ലെ പി ഡബ്ല്യു 2/ 4569/2018 നം. കത്ത്

2. നഗരകാര്യ ഡയറക്ടറുടെ 26/04/2018 ലെ നം. ഡിസി3/8708/2018 കത്ത്

3. 04/07/2019 ലെ സർക്കാർ ഉത്തരവ് (പി) നം.77/2019/ധന.

ഉത്തരവ്

കോട്ടക്കൽ നഗരസഭയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററി (സി.എച്ച്.സി) ന് ജി.എഫ്.ആർ.ജി. സാങ്കേതിക വിദ്യഉപയോഗിച്ച് നാല് നില കെട്ടിടം നിർമ്മിക്കുന്നതിനായി ഇലക്ട്രിക്, പ്ലംബിംഗ് പ്രവർത്തികൾ ഉൾപ്പെടെ 3,51,56000/- രൂപയുടെ എസ്റ്റിമേറ്റ് എഫ്.എ.സി.ടി- ആർ.സി.എഫ്. ബിൽഡിംഗ് പ്രോഡക്റ്റ് ലിമിറ്റഡ്( എഫ് ആർ ബി എൽ) സമർപ്പിച്ചിട്ടുണ്ടെന്നും അത് നഗരസഭ കൗൺസിൽ അംഗീകരിച്ചിട്ടുള്ളതാണെന്നും എന്നാൽ പ്രസ്തുത സ്ഥാപനം സർക്കാർ അക്രഡിറ്റഡ് ഏജൻസികളുടെ ലിസ്റ്റിൽ ഉൾപ്പെടാത്തതിനാലും നഗരസഭ കൗൺസിൽ പ്രസ്തുത സ്ഥാപനത്തെ ടി പ്രവൃത്തി ഏൽപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതിനാലും ജി.എഫ്.ആർ.ജി. സാങ്കേതിക വിദ്യ ഒരു നൂതന സാങ്കേതിക വിദ്യ ആയതിനാലും ,മേൽ സാങ്കേതിക വിദ്യ പ്രകാരമുള്ള നിർമാണത്തിൽ കൂടുതൽ ഏജൻസികൾ ഇല്ലാത്തതിനാലും പ്രസ്തുത സ്ഥാപനത്തെ ടി പ്രവൃത്തി ഏല്പിക്കുന്നതിനുള്ള അനുമതി നല്കണമെന്ന് പരാമർശം (2) ലെ കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിനോടഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എഫ് ആർ ബി എൽ എന്ന സ്ഥാപനത്തിന് 2 വർഷത്തേയ്ക്ക് ഗ്ലാസ് ഫൈബർ ജിപ്സം ബോർഡ് വർക്കുകൾ ഉൾപ്പെടുന്ന സ്പെഷ്യലൈസ്ഡ് വർക്കുകൾ ചെയ്യുന്നതിന് പരാമർശം (3) പ്രകാരം അനുമതി നല്കിയിട്ടുള്ള സാഹചര്യത്തിൽ ജി.എഫ്.ആർ.ജി സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള കോട്ടയ്ക്കൽ നഗരസഭയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കെട്ടിട നിർമ്മാണ ചുമതല എഫ് ആർ ബി എൽ എന്ന സ്ഥാപനത്തിനെ ഏല്പിക്കുന്നതിനുള്ള അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
സെക്രട്ടറി കോട്ടയ്ക്കൽ നഗരസഭ
ത.സ്വ.ഭ.വ(ഒ.എസ്)വകുപ്പ്(ഡി.ബി.2/119/2018/ത.സ്വ.ഭ.വ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ